III/ഇ.ബി /XII-കേരള നിയമസഭ/II-15

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2006 ഒക്ടോബർ 12, വ്യാഴം

നിയമസഭ 2006 ഒക്ടോബർ 12–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**(I) ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന നക്ഷത്രച്ചിഹ്നമിട്ട ചോദ്യങ്ങളിൽ നാലെണ്ണം (*481,*482,*483,*484) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

**(II) ശ്രദ്ധ ക്ഷണിക്കൽ**

(1) കാർഷിക വിളകളുടെ വിലയിടിവും കൃഷിനാശവുംമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി യിലേയ്ക്ക് ശ്രീ. തോമസ് ഉണ്ണിയാടൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്തെ മലയോര കർഷകർക്ക് പട്ടയ വിതരണം പൂർത്തിയാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതിന്റെ

ആവശ്യകതയിലേയ്ക്ക് ശ്രീ. എസ്. രാജേന്ദ്രൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി മറുപടി നൽകുകയും ചെയ്തു.

(III) **സബ്മിഷൻ**

(1) ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് തപാൽ സ്റ്റാമ്പ് പുറത്തിറക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ.വി. അബ്ദുൾ ഖാദർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) കോന്നി കേന്ദ്രീകരിച്ച് താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(3) തെരുവ് നായ്ക്കളുടെ ഉപദ്രവം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) കൊടകര-ചാലക്കുടി, ഒല്ലൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന സമഗ്ര ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പത്തനാപുരത്ത് ആർ.ഡി.ഒ. ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. ബി. ഗണേഷ്കുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(6) ദേശീയ മൽസരങ്ങളിൽ പങ്കെടുക്കാൻ പോകുന്ന കായിക താരങ്ങൾക്ക് കെ.എഫ്.എ ഉൾപ്പെടെയുള്ള അധികൃതരിൽ നിന്നുണ്ടായ

അവഗണന സംബന്ധിച്ച് ശ്രീ. പി.സി. ജോർജ് ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൊച്ചി ശാസ്ത്ര–സാങ്കേതിക സർവ്വകലാശാലയെ ഐ.ഐ.ടി. നിലവാരത്തിലേയ്ക്കുയർത്തേണ്ടത് സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കൊല്ലങ്കോട് മണ്ഡലത്തിലെ നെന്മാറയിൽ സബ്ട്രഷറി ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി. ചെന്താമരാക്ഷൻ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(9) അങ്കമാലി–ശബരി റെയിൽപ്പാതയുടെ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(10) കായംകുളം കായലും പരിസര പ്രദേശവും ഉൾപ്പെടുത്തി ടൂറിസം വികസിപ്പിക്കേണ്ടത് സംബന്ധിച്ച് ശ്രീ. സി. കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഗോതമ്പ് തുല്യമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) ചേർത്തലയിൽ സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. പി. തിലോത്തമൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) അകമ്പടിക്ക് പോലീസിനെ കിട്ടാത്തതുമൂലം ജയിലുകളിൽ വിചാരണത്തടവുകാരായി കഴിയുന്നവരുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് വാക്സിനേഷൻ നിർബന്ധിതമാക്കുന്നത് സംബന്ധിച്ച് ശ്രീമതി ഇ.എസ്. ബിജി മോൾ ഉന്നയിച്ച സബ്മിഷന് ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) മലപ്പുറം ജില്ലയിലെ കാരാപ്പറമ്പ് എ.എൽ.പി. സ്കൂളിലെ അദ്ധ്യാപകനായിരുന്ന ഷബീർ അഹമ്മദിന്റെ ആത്മഹത്യ സംബന്ധിച്ച് ശ്രീ. യു.സി. രാമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(16) പെരിയാർവാലി കനാലുകളുടെ ടെയിൽഎന്റഡിൽ ജലം എത്തിക്കാൻ കഴിയാത്തതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എം.എം. മോനായി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(17) വാഴൂർ മണ്ഡലത്തിലെ ചിറക്കടവ് പഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കേണ്ടത് സംബന്ധിച്ച് പ്രൊഫ. എൻ. ജയരാജ് ഉന്നയിച്ച സബ്മിഷന് പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

## (IV) ധനകാര്യം

### 2006–2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,10,38,000 രൂപ അനുവദിക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 171,81,66,000 രൂപ അനുവദിക്കണമെന്ന പ്രമേയം വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,59,05,000 രൂപ അനുവദിക്കണമെന്ന പ്രമേയം നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാറും അവതരിപ്പിക്കുകയും ജലവിഭവ വകുപ്പുമന്ത്രി ശ്രീ എൻ.കെ. പ്രേമചന്ദ്രൻ പ്രമേയങ്ങളെ പിന്താങ്ങുകയും ചെയ്തു.

ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വച്ചു.

സർവ്വശ്രീ വി.ഡി. സതീശൻ, എം. മുരളി, കെ. ബാബു, ജോർജ് മേഴ്സിയർ, എ. പി. അനിൽകുമാർ, ആര്യാടൻ മുഹമ്മദ്, ടി. എൻ. പ്രതാപൻ, കെ.സി. വേണുഗോപാൽ, എം.എ. വാഹീദ്, അടൂർ പ്രകാശ്, ജോസഫ്. എം. പുതുശ്ശേരി, റോഷി അഗസ്റ്റിൻ, കെ. കുട്ടി അഹമ്മദ് കുട്ടി, പി.കെ. അബ്ദുറബ്ബ്, കെ.മുഹമ്മദുണ്ണി ഹാജി, എം.ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ.കെ. ഷാജു, വി.കെ. ഇബ്രാഹിംകുഞ്ഞ്,

യു.സി. രാമൻ,  കെ. സുധാകരൻ,  സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തു:

(1) ശ്രീ. ടി.എൻ. പ്രതാപൻ

(2) ശ്രീ. പി. ജയരാജൻ

(3) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

(4) ശ്രീ. എൻ. അനിരുദ്ധൻ

(5) പ്രൊഫ. എൻ. ജയരാജ്

(6) ശ്രീ. എം. കെ. പ്രേംനാഥ്

(7) ശ്രീ. വി. സുരേന്ദ്രൻപിള്ള

(8) ശ്രീ. കോവൂർ കുഞ്ഞുമോൻ

(9) ശ്രീ. കെ.ബി. ഗണേഷ്കുമാർ

(10) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(11) ശ്രീ. എം. ചന്ദ്രൻ

(12) ശ്രീ. മഞ്ഞളാംകുഴി അലി

(13) ശ്രീ. കെ. കെ. ജയചന്ദ്രൻ

(14) ശ്രീ. ജോർജ് മേഴ്സിയർ

(15) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

(16) ശ്രീ. രാജാജി മാത്യു തോമസ്

(17) ശ്രീ. ആനത്തലവട്ടം ആനന്ദൻ

(18) ശ്രീ. കെ. സുധാകരൻ

ധനാഭ്യർത്ഥനകളുടെ ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഡോ.തോമസ് ഐസക്കും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയും സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ...ജി. സുധാകരനും വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീമും നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാറും മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

മൽസ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും യഥാക്രമം 13–നെതിരെ 52 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ</u>

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ച് ചർച്ച കൂടാതെ പാസ്സാക്കേണ്ട സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാംനമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക

സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവകവായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റുകൾ ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനു വേണ്ടി നിയമവും പാർലമെന്റികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ മേശപ്പുറത്തു വച്ചു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2006 ഒക്ടോബർ മാസം 16–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.00 മണിക്ക് പിരിഞ്ഞു.